## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :616

29. 01. 2019 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യിൽ സബ് എഞ്ചിനീയർ നിയമനം

ചോദ്യം

ശ്രീ. റ്റി.വി. രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| കെ.എസ്.ഇ.ബി.യിൽ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും; ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് കെ.എസ്.ഇ.ബി. നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് 30-11-2018- ൽ അവസാനിച്ചു.<br>ഇതുവരെയായി 10% ക്വാട്ടയിൽ 283 ഒഴിവുകളും 30% ക്വാട്ടയിൽ 968 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10% ക്വാട്ടയിൽ റിപ്പോർട്ട് ചെയ്ത 283 ഒഴിവുകളിൽ 275 പേർക്കും 10% ക്വാട്ടയിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തത് കൊണ്ട് 01.11.1971-ലെ ബോർഡ് ഉത്തരവിലെ കുറിപ്പ് II (b) അനുസരിച്ച് 30% ക്വാട്ടയിൽ നിന്ന് 8 പേർക്കും നിയമന ഉത്തരവ് നൽകി.<br>30% ക്വാട്ടയിൽ റിപ്പോർട്ട് ചെയ്ത 968 ഒഴിവുകളിൽ 56 NJD ഒഴിവുകൾ ഉൾപ്പെടെ 611 പേർക്ക് നിയമന ഉത്തരവ് നൽകി. 137 താല്ക്കാലിക ഒഴിവുകളിൽ പി.എസ്.സി. ക്ക് അഡ്വൈസ് ആയിട്ടില്ലാത്തതിനാൽ നിയമന ഉത്തരവ് നൽകിയിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം റിപ്പോർട്ട് ചെയ്ത 220 ഒഴിവുകൾ ഹൈക്കോടതിയിൽ നിലവിലുള്ള IA1/2018 (WA.No.2208/2016, WP(c)/31433/2014) എന്ന കേസിന്റെ അന്തിമ വിധിക്ക് അനുസരിച്ച് മാത്രമേ അഡ്വൈസ് ചെയ്യാവൂ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ